**PROF. C. RAVEENDRANATH**

MINISTER FOR EDUCATION
GOVERNMENT OF KERALA

പ്രിയ കൂട്ടുകാരേ,

പുതിയ അധ്യയന വർഷം തുടങ്ങുകയാണ്.
കളിച്ചും ചിരിച്ചും ചിന്തിച്ചും അന്വേഷിച്ചും പഠനം ഓരോ
ദിവസവും പുതിയ അനുഭവമായിത്തീരണം. വിദ്യാലയത്തെ
വീടുപോലെ കാത്തു സൂക്ഷിക്കണം. നമ്മളെയും നമ്മുടെ
കുടുംബത്തെയും നാം ജീവിക്കുന്ന സമൂഹത്തെയും നശിപ്പിക്കുന്ന
എല്ലാ ദുശ്ശീലങ്ങളിൽ  നിന്നും അകന്നു നിൽക്കാൻ പ്രത്യേകം
ശ്രദ്ധിക്കുമല്ലോ.

നല്ല ഭക്ഷണവും ആവശ്യമായ പുസ്തകങ്ങളും
മനസ്സുനിറയെ സ്നേഹവും ലഭിക്കുന്ന എല്ലാ സാഹചര്യവും
സ്കൂളിലൊരുക്കിയിട്ടുണ്ട്. അനുകൂല സാഹചര്യങ്ങളെ
അവസരങ്ങളാക്കി മാറ്റി നാടിനും വീടിനും നന്മ ചെയ്യുന്ന
നല്ല മനുഷ്യരായി വളരുക.
വലിയ വലിയ സ്വപ്നങ്ങൾ കാണാൻ ശീലിക്കണം.
ഓർക്കുക, ഓരോ പുതിയ കാലവും പുതിയ പ്രതീക്ഷകളുടേതുകൂടിയാണ്.

**ഇനി പ്രിയ രക്ഷിതാക്കളോട് ഒരു വാക്ക്**

കുട്ടികളെ അവരവരുടെ സ്വപ്നങ്ങളിലേക്കും സാധ്യതകളിലേക്കും
വളരാനനുവദിക്കുക.
അവരെ ഒരിക്കലും മറ്റുള്ളവരുമായി താരതമ്യം ചെയ്യരുത്.
ഓരോ കുട്ടിയുടെയും കഴിവ് വ്യത്യസ്തമാണെന്നറിയാമല്ലോ.
സ്വന്തമായ കഴിവുകൾ വികസിപ്പിക്കുവാനുള്ള
പ്രോത്സാഹനമാണവർക്കാവശ്യം.
അവർ സ്വയം നടന്നു കയറട്ടെ പ്രതീക്ഷകളിലേക്ക്.
തണലായി അവർക്കൊപ്പമുണ്ടാവുക.

നിറഞ്ഞ സ്നേഹത്തോടെ

**സി.രവീന്ദ്രനാഥ്**
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

Office : Vth Floor, Room No. 505
Government Secretariat Annexe, Thiruvananthapuram-695 001
Phone-Office : 0471-2327574 Fax : 0471-2332133 Res : 0487-2383229
Mobile : 9447973300 Website : www.ravindranath.org